പട്ടാമ്പുർ വില്ലേജ് കമ്മിറ്റി അംഗവുമാണ് അക്രമത്തിനു വിധേയമായ ശ്രീമതി ബിന്ദു. ഇതു സംബന്ധിച്ച് മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 60/2001 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. തികച്ചും മനുഷ്യത്വരഹിതമായ നടപടിയാണ് ബിന്ദുവിന് നേരെയുണ്ടായത്. രാഷ്ട്രീയ വിരോധം വച്ചുകൊണ്ട് യുവതിയെ പീഡിപ്പിച്ച അക്രമികൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുകതന്നെ ചെയ്യുമെന്ന് പ്രസ്താവിക്കുന്നു.

**(7) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചില കിണറുകളിൽ വെള്ളം തിരയടിച്ച് പൊങ്ങുന്നതും വീടുകൾക്ക് വിള്ളലുണ്ടാകുന്നതും സംബന്ധിച്ച്**

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്റെ നിയോജക മണ്ഡലത്തിൽ നിലമ്പൂർ, ചാലിയാർ. ചുങ്കത്തറ, എടക്കര, വഴിക്കടവ്, അമരമ്പലം, കാളികാവ് തുടങ്ങിയ പാഞ്ചായത്തുകളിലെ കിണറുകളിൽ വെള്ളം തിരയടിക്കുന്നു എന്നു പറയുന്നു. യഥാർതഥത്തിൽ ഈ പഞ്ചായത്തുകളിലെല്ലാം വെള്ളം തിളച്ചു പൊങ്ങുന്നതുപോലെ കിണറുകളിൽ വെള്ളം പൊങ്ങിക്കൊണ്ടിരിക്കുകയാണ്. അവിടെ ഈ പ്രതിഭാസം തുടങ്ങിയിട്ട് രണ്ടു-മൂന്ന് ആഴ്ചയായി. ജിയോളജിസ്റ്റുകൾ അവിടെ വന്നുനോക്കി. ഇപ്പോൾ അത്തരം സ്ഥലങ്ങളിലുള്ള വീടുകളിലൊക്കെ വിള്ളൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ വിള്ളൽ ഓരോ ദിവസവും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. അമരമ്പലം പഞ്ചായത്തിലെ തേൾപ്പാറ എന്ന സ്ഥലത്ത് 15-16 വീടുകൾക്ക് ഇതുപോലെ വിള്ളൽ ഉണ്ടായിട്ടുണ്ട്. വഴിക്കടവ്, മാമങ്കര എന്നീ സ്ഥലങ്ങളിൽ 35-40 വീടുകൾക്ക് ഇതുപോലെ വിള്ളലുണ്ടായിട്ടുണ്ട്. നാരാക്കാവ്, വള്ളിക്കാട് റോഡിന്റെ രണ്ടു കിലോമീറ്ററോളം ദൂരത്തിൽ വിള്ളൽ ഉണ്ടായിരിക്കുന്നു. പല വീടുകളുടെയും ഫൗണ്ടേഷൻനിൽതന്നെ വിള്ളലനുഭവപ്പെട്ടു എന്നു മാത്രമല്ല, ഓരോ ദിവസവും വിള്ളൽ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ വീടുകളെല്ലാം പാവപ്പെട്ട ആളുകളുടെ വീടുകളാണ്. വിള്ളലുണ്ടായ വീടുകളിൽ താമസിക്കാൻ യാതൊരു രക്ഷയുമില്ലാത്ത സ്ഥിതിയാണ്. ഇതിന് അടിയന്തിരമായി പരിഹാരമുണ്ടാക്കണം. ഗവൺമെന്റിന് പരിമിതികളുണ്ടെന്ന് എനിക്കറിയാം. നമ്മുടെ സംസ്ഥാനത്ത് നിലമ്പൂർ മാത്രമല്ല, മലപ്പുറം ജില്ലയുടെ പല ഭാഗത്തും ഇത് അനുഭവപ്പെടുന്നുണ്ട്. അതുപോലെ കൊല്ലം ജില്ലയിലെ പല പ്രദേശങ്ങലിലും ആലപ്പുഴ ജില്ലയിലും ഇതനുഭവപ്പെടുകയാണ്. ഇതെങ്ങനെയുണ്ടാകുന്നു എന്നെങ്കിലും നമുക്ക് മനസ്സിലാക്കാൻ സാധിക്കണം. ഇത്തരത്തിലുള്ള വിള്ളൽ കാണുന്ന സ്ഥലത്ത് വലിയ ഭൂചലനമുണ്ടാകാനും കൂടുതൽ അപകടമുണ്ടാകാനും സാദ്ധ്യതയുണ്ടോ എന്നറിയണം. ആദ്യം കിണറുകളിൽ വെള്ളം തിരയടിക്കുന്നത് കണ്ട് ജിയോളജിസ്റ്റുകൾ വന്നു നോക്കിയിട്ട് വ്യത്യസ്ത അഭിപ്രായങ്ങളാണ് പറഞ്ഞത്. അത് പത്രങ്ങളിൽ വന്നതാണ്. ചിലർ പറഞ്ഞത്, യാതൊരു അപകടവുമില്ല എന്നാണ്, ചിലർ പറഞ്ഞത് ഇതുകൊണ്ട് അപകടമുണ്ട് എന്നാണ്. ഗുജറാത്തിലുണ്ടായതുപോലൊരു സംഭവം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കട്ടെ. ഇതിന് നമുക്ക് എന്തൊക്കെ പ്രതിവിധി ചെയ്യാൻ സാധിക്കുമെന്ന് കാലേക്കൂട്ടി മനസ്സിലാക്കാൻ സാധിക്കണം. അതിന് ഗവൺമെന്റ് ഇതിന്റെ വിദഗ്ദ്ധന്മാരാരാണെങ്കിലും, അവരെ വരുത്തി നിലമ്പൂരും

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ വെള്ളം തിരയടിക്കുന്ന സ്ഥലങ്ങളിലുമെല്ലാംതന്നെ അടിയന്തിരമായി ഇതിനെ സംബന്ധിച്ച് പഠിച്ച് ഇതിനുള്ള പ്രതിവിധി കണ്ടെത്തണം. ഗവൺമെന്റ് ചില കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്, ഇല്ലെന്നു ഞാൻ പറയുന്നില്ല. ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ ഞാൻ തയ്യാറല്ല. ഇന്നുവരെയില്ലാത്ത ഒരു പ്രതിഭാസം നമ്മുടെ സംസ്ഥാനത്ത് പെട്ടെന്നുണ്ടായിരിക്കുകയാണ്. ഇരുകാണുമ്പോൾ ഉടനെ ആക്ട് ചെയ്യാൻ സാധിക്കണം. അതിനുവേണ്ടി സ്റ്റഡി നടത്തണം. എന്നു മാത്രമല്ല, പല വീടുകളും പൊളിഞ്ഞുപോയതിനാൽ താമസയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. ചില സന്ദർഭങ്ങളിലൊക്കെ ആളുകൾ പുറത്തിറങ്ങി മൈതാനത്ത് കിടക്കുന്ന സ്ഥിതിവിശേഷമുണ്ട്. പൊളിഞ്ഞ വീടുകളിലെല്ലാം 99 ശതമാനവും പാവങ്ങളാണ് താമസിക്കുന്നത്. അവിടെ രണ്ടാമത് വീടുകൾ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം കൂടി ഗവൺമെന്റ് അടിയന്തിരമായി നൽകണമെന്നാണ് എനിക്കു പറയാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വസ്തുതകളാണ്. ജനങ്ങൾക്ക് വളരെയേറെ ഉത്കണ്ഠയുണ്ട്. ഭയപ്പാടോടുകൂടിയാണ് ജനങ്ങൾ കഴിയുന്നത്. നിലമ്പൂരിൽ മാത്രമല്ല, കേരളത്തിലെ പല ജില്ലകളിലും, പല സ്ഥലങ്ങളിലും ഈ പ്രതിഭാസം നിലനിൽക്കുകയാണ്. നിലമ്പൂരിന്റെ കാര്യം മാത്രം ഞാൻ പറയുകയാണ്. നിലമ്പൂർ താലൂക്കിൽ അമരമ്പലം, ചാലിയാർ, ചുങ്കത്തറ, കരുളായി, മമ്പാട് തുടങ്ങിയ മിക്കവാറും വില്ലേജുകളിൽ കിണറുകളിൽ വെള്ളം അസാധാരണയായി തിരയടിച്ചു പൊങ്ങുന്നതുപോലെയുള്ള പ്രതിഭാസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രതിഭാസമുള്ള കിണറുകളിലെ ജലം തിരയടിച്ചു പുറത്തേക്കു ഒഴുകുകയോ കിണറുകൾക്ക് നാശം സംഭവിക്കുകയോ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഇപ്രകാരം തിരയിളക്കമുള്ള കിണറിന് സമീപത്തുള്ള ചില സ്ഥലങ്ങളിലെ കിണറുകളിൽ തിരയിളക്കം അനുഭവപ്പെടുന്നുമില്ല. തിരയിളക്കം കാണുന്ന കിണറുകളിൽ ഇത്തരം പ്രതിഭാസം അൽപ സമയത്തേയ്ക്കുമാത്രമോ അല്ലെങ്കിൽ രണ്ടോ മൂന്നോ ദിവസം തുടർച്ചയായോ ചില സ്ഥലങ്ങളിൽ അനുഭവപ്പെടുന്നുണ്ട്. എന്നാൽ ഈ കിണറുകളിലെ ജലത്തിന് രുചി വ്യത്യാസമോ നിറ വ്യത്യാസമോ ഉള്ളതായി ആ പ്രദേശങ്ങളിൽനിന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ കൊല്ലം ജില്ലയിലേയും പത്തനംതിട്ട ജില്ലയിലേയും ചില സ്ഥലങ്ങളിൽ നിറവ്യത്യാസമുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗുജറാത്തിലെ വലിയ ഭൂമികുലുക്കങ്ങൾക്കുശേഷം നൂറുകണക്കിനുള്ള പ്രകമ്പനങ്ങൾ ഭൂമിയുടെ ഉപരിതലത്തിൽകൂടി തരംഗരൂപേണ നാനാദിക്കുകളിലേയ്ക്ക് വ്യാപിക്കും. അത് നൂറുകണക്കിന് കിലോമീറ്റർ അകലെവരെ അനുഭവപ്പെടാറുമുണ്ട്. ഇങ്ങനെ ഭൂമിയുടെ ഉപരിതലത്തിൽകൂടി കടന്നുപോകുന്ന തരംഗങ്ങൾ കുളം, കിണർ തുടങ്ങിയവരുടെ ജലോപരിതലത്തിൽ ഓളങ്ങൾ ഉണ്ടാക്കുമെന്നാണ് പറയപ്പെടുന്നത്. ഇതുമൂലം ജലോപരിതലം തുള്ളിച്ചാടുന്നതായി കാണപ്പെടുമെന്നും ഇത് ഭൂചലനങ്ങളുടെ അനന്തരഫലമായതിനാൽ ഭൂകമ്പത്തിന്റെ മുന്നോടിയായി ഒരിക്കലും ഇതിനെ കാണാനാവില്ല എന്നുമാണ് സെസ്സിലെ വിദഗ്ദ്ധന്മാർ അറിയിച്ചിരിക്കുന്നത്. ശാസ്ത്രജ്ഞന്മാർ പറയുന്ന നിഗമനങ്ങളോട് യോജിക്കാനേ നമുക്ക് തൽക്കാലം

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വാഹമുള്ളൂ. 10-2-2001-ന് അമരമ്പലം വില്ലേജിൽ കവളമുക്കട്ട, വേങ്ങപ്പൊത, തേൾപ്പാറ എന്നിവിടങ്ങളിൽ നേരിയതോതിൽ ഭൂചലനമുണ്ടാവുകയും അതിന്റെ ഫലമായി 9 വീടുകൾക്കും തേൾപ്പാറ എൻ.എ.എ.എം., എൽ.പി. സ്കൂൾ കെട്ടിടത്തിനും സ്റ്റാഫ് ക്വാർട്ടേഴ്സിനും ഭാഗീകമായി വിള്ളൽ സംഭവിക്കുകയും ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സ്ഥലങ്ങളൊക്കെ കളക്ടർ തന്നെ നേരിട്ട് സന്ദർശിച്ചിട്ടുണ്ട്. കാളികാവ് ഗവൺമെന്റ് യു.പി. സ്കൂളിലെ ഇരുനില കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ വിള്ളലുകൾ കണ്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിള്ളലുകൾ കാണപ്പെട്ട ക്ലാസ് മുറികളിൽ പഠനം നടത്തരുതെന്ന് അറിയിക്കുകയും അതൊഴിവാക്കുകയും ചെയ്തിട്ടുണ്ട്. ജില്ലയുടെ മിക്ക സ്ഥലങ്ങളിലും കിണറുകളിൽ തിരയിളക്കം കാണുന്നതിനാലും വീടുകൾക്കും മറ്റു സ്ഥാപനങ്ങൾക്കും വിള്ളലുകൾ കാണുന്നതിനാലും ഇക്കാര്യങ്ങളിൽ വിദഗ്ദ്ധ പഠനം നടത്തുന്നതിനായി സെസ്സ് വിദഗ്ദ്ധന്മാരുടെ സേവനം നമ്മൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. മറ്റെല്ലാ ജില്ലകളിലും ഇത്തരമൊരു പ്രവണത നിലനിൽക്കുന്നുവെന്നുള്ളതുകൊണ്ട് ഇന്ത്യാഗവൺമെന്റിന്റേയും നമ്മുടേയും ശാസ്ത്രജ്ഞന്മാരെ ഉപയോഗപ്പെടുത്തി സൂക്ഷ്മമായ പഠനങ്ങളും പരിശോധനകളും നടത്തുന്നതിന് തീരുമാനമെടുത്ത്, അത് നടന്നുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ നാശനഷ്ടങ്ങളുണ്ടാകുകയും വീടുകൾക്കോ പൊതു സ്ഥാപനങ്ങൾക്കോ കേടുപാടുകൾ പറ്റുകയും ചെയ്തതിന്റെ വിശദമായ കണക്ക് അടിയന്തിരമായി അതതു ജില്ലകളിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആ കണക്ക് കിട്ടുന്ന മുറയ്ക്ക് ഗവൺമെന്റിനാൽ കഴിയുന്ന സാമ്പത്തിക സഹായം കാലവിളംബമില്ലാതെ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അത് ഉടനെതന്നെ നൽകുകയും ചെയ്യും.

## (8) വയനാട് ജില്ലയിലെ പേര്യ-ഇരുമനത്തൂർ ദേശത്തുള്ള ആദിവാസികളെ കുടിയിറക്കുന്നത് സംബന്ധിച്ച്

ശ്രീമതി രാധാരാഘവൻ: സർ, ആദിവാസികളെ എന്നും അവജ്ഞയോടെയാണ് ഈ സർക്കാർ നോക്കിക്കാണുന്നത്. അവരുടെ ആവശ്യങ്ങളിന്മേൽ വളരെ തണുത്ത പ്രതികരണമാണുണ്ടാകുന്നത്. ഇതിൽ ഒടുവിലത്തെ ഉദാഹരണമാണ് പേര്യയിലെ ഇരുമനത്തൂരിൽ നടന്നത്. പേര്യയിലെ ഇരുമനത്തൂരിൽ സർവ്വേ നമ്പർ 77/1 എ മുതൽ 80/1 എ വരെയുള്ള റവന്യൂ ഭൂമിയിൽ താമസക്കാരായ 68 ആദിവാസികുടുംബങ്ങളുണ്ട്. ഇവർ വനംവകുപ്പ് ഉദ്യോഗസ്ഥന്മാരുടെ ഭീഷണിയിലും അതിക്രമത്തിലും ഭയന്ന് കഴിയുകയാണ്. 2001 ജനുവരിമാസം 26-ാം തീയതി വനം വകുപ്പ് ഉദ്യോഗസ്ഥന്മാർ പാവപ്പെട്ട ആദിവാസികളുടെ കുടിലുകൾ ഒന്നൊന്നായി തീവച്ചു നശിപ്പിച്ചു. അവരുടെ കൃഷികൾ കണ്ണൂർ മോഡലിൽ അരിഞ്ഞു വീഴ്ത്തി. ഇന്ന് ഈ പാവങ്ങൾ ഭയന്ന് കഴിയുകയാണ്. വനം മേഖലയിൽ ആദിവാസികൾക്ക് രക്ഷയില്ലെന്ന് വന്നാലോ? ആദിവാസികളും വനവും തമ്മിലുള്ള ബന്ധം അറിയാത്ത വനപാലകരാണ് ഇവിടെയുള്ളത്. വനത്തിലുള്ള നശീകരണമാണ് ഇതിനു കാരണമെങ്കിൽ സർക്കാർ അത് അന്വേഷിക്കണം. ഇല്ലെങ്കിൽ ഇതിന് പരിഹാരമുണ്ടാക്കണം. ഈ

LIBRARY ARCHIVES Kerala Legislative Assembly